LIBRARY ARCHIVES Kerala Legislative Assembly

തലസ്ഥാന നഗരിയിൽ പണിയാനുദ്ദേശിക്കുന്ന ഗസ്റ്റ്ഹൗസിൽ ജീവനക്കാരെ നിയമിക്കൽ

71 [3244] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ പ്രവർത്തിക്കുന്ന പ്രിയദർശിനി പ്ലാനട്ടോറിയത്തിനോടനുബന്ധിച്ച് ഒരു ഗസ്റ്റ് ഹൗസ് പണിയാൻ തീരുമാനമായിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ പണി എത്രത്തോളമായി;

(സി) ഇതിലേയ്ക്ക് ജീവനക്കാരെ ആരെയെങ്കിലും തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ ആരെല്ലാമാണ്;

(ഡി) ഏതെല്ലാം തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്; എത്ര പേരെ ഇതിനായി ആവശ്യമുണ്ട്;

(ഇ) ഇവരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പണി പൂർത്തിയായിട്ടുണ്ട്.

(സി—ഇ) കേരളശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ ദിവസക്കൂലി യടിസ്ഥാനത്തിൽ ജോലി ചെയ്തു വന്ന ഒരാളെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കാൻ മ്യൂസിയം ഗവേണിംഗ് ബോഡി തീരുമാനിച്ചിട്ടുണ്ട്.

തിരുവനന്തപുരം ഈസ്റ്റ് നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ

72 [3245] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഈസ്റ്റ് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനു കീഴിൽ നടന്നുവരുന്നതും ഉടനെ നടക്കാനിടയുള്ളതുമായ നിർമ്മാണ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവർത്തനങ്ങളുടേയും നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാകും എന്ന് വെളിപ്പെടുത്തുമോ;

(സി) ഓരോന്നിനും ഉദ്ദേശിക്കുന്ന നിർമ്മാണ ചെലവ് എത്രയാണെന്ന് വെളിപ്പെടുത്തുമോ?